## 6. വിവര പൊതുജന സമ്പർക്ക (എഫ്) വകുപ്പ്

ഫോൺ. 0471 2518634

1. ടൂറിസം വകുപ്പ് ഒഴികെയുള്ള എല്ലാ സർക്കാർ വകുപ്പുകളുടെയും ടെൻഡർ, പരസ്യങ്ങളുടേയും വിജ്ഞാപനങ്ങളുടേയും വിൻഡോ ഉൾപ്പെടെയുള്ള എല്ലാ പരസ്യങ്ങളുടെയും അച്ചടി പരസ്യ ചാർജ്, നോൺ പ്ലാൻ ഫണ്ടിൽനിന്നും മാധ്യമങ്ങൾക്ക് നൽകുന്ന ജോലികൾ, പരസ്യ വിഭാഗത്തിലെ കമ്പ്യൂട്ടർ വത്കരണ പ്രവർത്തനങ്ങളുടെ ഏകോപനം, കമ്പ്യൂട്ടർ വഴി പേമെന്റ് നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ജോലികൾ, കണ്ടിജന്റ് ബിൽ രജിസ്റ്ററുകൾ, ഡിമാന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ മുതലായവ എഴുതി സൂക്ഷിക്കൽ, ഓരോ പത്രത്തിനും നൽകാനുള്ള പരസ്യക്കൂലിക്കുള്ള ഉത്തരവ് തയ്യാറാക്കൽ.

2. 'എഫ്-3' സെക്ഷനിൽ നിന്നും റിലീസ് ചെയ്യുന്ന എല്ലാ പ്രാദേശിക ദർഘാസ്, ലേല പരസ്യങ്ങളുടെയും ബില്ലുകൾ പാസ്സാക്കി നൽകൽ, പരസ്യ ക്കൂലി ആരാഞ്ഞുകൊണ്ടുള്ള വിവിധ വകുപ്പുകളുടെ അന്വേഷണങ്ങൾക്ക് മറു പടി നൽകൽ.

3. വനംവകുപ്പിന്റെ തടി ലേലത്തിന്റെ പ്രാദേശിക പരസ്യം, ക്യാന്റീൻ നടത്തിപ്പ്/ ഫലവൃക്ഷങ്ങൾ/കൃഷി വസ്തുക്കൾ എന്നിവയുടെ കൈമാറ്റം തുടങ്ങി പ്രാദേശികമായി മാത്രം പ്രാധാന്യമുള്ള ലഘു ദർഘാസുകളും, പ്രാദേശിക സ്വഭാവമുള്ള പർച്ചേസ് പരസ്യങ്ങളും, പി.ഡബ്ല്യു.ഡി.-യുമായി ബന്ധപ്പെട്ട ദർഘാസ് പരസ്യങ്ങൾ, എക്സൈസ് വകുപ്പിന്റെ വാഹന ലേല പരസ്യം, റവന്യൂ റിക്കവറി തഹശീൽദാരുടെ ജപ്തി പരസ്യങ്ങൾ എന്നിവ പരിശോധിച്ച് റൊട്ടേഷൻ അടിസ്ഥാനത്തിൽ പ്രസിദ്ധീകരണത്തിന് നൽകൽ. കൂടാതെ വേണ്ടവ പൂർണ്ണ രൂപത്തിൽ സി. ഡിറ്റിന് നൽകൽ. 2004-ന് മുമ്പ് ജില്ലാ അടിസ്ഥാനത്തിൽ റിലീസ് ചെയ്ത ഓർഡറുകളുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കൽ കൂടാതെ സെക്ഷനിൽ ലഭിക്കുന്ന പലവക തപാലുകൾ തീർപ്പാക്കൽ തുടങ്ങിയവ.

4. വിവിധ ഗവൺമെന്റ് വകുപ്പുകളിലെ വിജ്ഞാപനങ്ങൾ, കാരണം കാണിക്കൽ നോട്ടീസ്, ജോലിയിൽ നിന്നും നീക്കം ചെയ്യൽ നോട്ടീസുകൾ, കണ്ടെത്തൽ/ കണ്ടുകെട്ടൽ പരസ്യങ്ങൾ, കുറ്റാരോപണ മെമ്മോകൾ, അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ കോടതി പരസ്യങ്ങൾ, പ്രവേശനാ പരീക്ഷാ കമ്മീഷണറുടെ പരസ്യങ്ങൾ, പി.എസ്.സി. വിജ്ഞാപനങ്ങൾ എന്നിവ പരിശോധിച്ച് റൊട്ടേഷൻ അടിസ്ഥാനത്തിൽ പത്രങ്ങൾക്ക് നൽകൽ, അവയുടെ ബില്ലുകൾ പാസ്സാക്കൽ, അച്ചടി ദൃശ്യ മാധ്യമങ്ങൾക്ക് പ്ലാൻ ഫണ്ടിൽ നിന്ന് ഡിസ്പ്ലേ പരസ്യങ്ങൾക്കുള്ള പരസ്യക്കൂലി നൽകൽ, കണ്ടിജന്റ് ബിൽ രജിസ്റ്റർ തയ്യാറാക്കൽ, തുക വിതരണവുമായി ബന്ധപ്പെട്ട മറ്റു ജോലികൾ.

## 7. വിവര പൊതുജന സമ്പർക്ക (ജി) വകുപ്പ്
### ഫോൺ. 0471 2518174

1. ജി-2, ജി-3, ജി-4 സീറ്റുകളിൽ നിന്നും ലഭിക്കുന്ന എല്ലാ ദർഘാസ് പരസ്യ ങ്ങളുടേയും (വിൻഡോ പരസ്യ മാതൃകകൾ), വിൻഡോ രൂപം കമ്പ്യൂട്ടറിൽ രൂപകൽപ്പന ചെയ്തശേഷം പ്രസിദ്ധീകരിക്കുന്നതിന് വിവിധ പത്രങ്ങൾക്ക് നൽകുക, ജി-2, ജി-3, ജി-4 സീറ്റുകളിൽ നിന്നും ലഭിക്കുന്ന പരസ്യങ്ങൾ പ്രസിദ്ധീകരിച്ചശേഷം പത്രങ്ങളുടെ വൗച്ചർ കോപ്പി പരിശോധിച്ച് ബിൽ പാസ്സാക്കുക. പരസ്യങ്ങളുടെ പൂർണ്ണ രൂപം സർക്കാർ വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന് സി-ഡിറ്റിന് സമയബന്ധിതമായി വിതരണം ചെയ്യുക, 2004 ജൂണിനുമുമ്പുള്ള (വിൻഡോ പരസ്യം ആകുന്നതിന് മുമ്പുള്ളത്) പെന്റിംഗ് ബില്ലുകൾ കൈകാര്യം ചെയ്യുക.

2. എറണാകുളം, തൃശ്ശൂർ, കൊല്ലം, കാസർഗോഡ്, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിൽ നിന്നും ലഭിക്കുന്ന എല്ലാ സർക്കാർ വകുപ്പുകളിലേയും ദർഘാസ്/ടെണ്ടറുകൾ പരസ്യങ്ങളും വിൻഡോ പരസ്യ രൂപത്തിലാക്കി വിൻഡോ പരസ്യ മാതൃക ഡിസൈൻ ചെയ്യുന്നതിന് ജി-1 സീറ്റിന് നൽകുക, സെക്ഷനിലെ മറ്റ് പലവക പേപ്പറുകൾ കൈകാര്യം ചെയ്യുക, 2004 ജൂണിന് മുമ്പുള്ള (വിൻഡോ പരസ്യം ആകുന്നതിന് മുമ്പുള്ളത്) പെന്റിംഗ് ബില്ലുകൾ കൈകാര്യം ചെയ്യുക.

3. കോഴിക്കോട്, കണ്ണൂർ, പാലക്കാട്, വയനാട്, ആലപ്പുഴ ജില്ലകളിൽ നിന്നും ലഭിക്കുന്ന എല്ലാ സർക്കാർ വകുപ്പുകളിലേയും ദർഘാസുകൾ/ടെണ്ടറുകൾ, വിൻഡോ പരസ്യ രൂപത്തിലാക്കി വിൻഡോ പരസ്യ മാതൃക ഡിസൈൻ ചെയ്യുന്നതിലേക്ക് ജി-1 സീറ്റിന് നൽകുക, കൂടാതെ 2004 ജൂണിന് മുമ്പുള്ള പെന്റിംഗ് ബില്ലുകൾ കൈകാര്യം ചെയ്യുക.

4. തിരുവനന്തപുരം, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ നിന്നും ലഭിക്കുന്ന എല്ലാ സർക്കാർ വകുപ്പുകളിലെയും ദർഘാസുകൾ/ടെണ്ടറുകൾ വിൻഡോ പരസ്യ രൂപത്തിലാക്കി, വിൻഡോ മാതൃക ഡിസൈൻ ചെയ്യുന്നതിനായി ജി-1 സീറ്റിന് നൽകുക. കൂടാതെ 2004 ജൂണിന് മുമ്പുള്ള പെന്റിംഗ് ബില്ലുകൾ കൈകാര്യം ചെയ്യുന്നു.